LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുന്നതാണ്. ഇതുകൂടാതെ മുതലമട പഞ്ചായത്തിൽ ജലനിധി പ്രകാരം പൂർത്തിയാക്കിയ 6 മിനി കുടിവെള്ള പദ്ധതിയിലേക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പിൽനിന്നും ബൾക്ക് മീറ്റർവച്ച് കുടിവെള്ളം നൽകുന്നുണ്ട്. ഇത് 2000 പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട്.

(സി) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ചുള്ളിയാർ ഡാമിൽനിന്നും, ജലസ്രോതസ്സിന്റെ അപര്യാപ്തത കാരണം ഒരു ജലവിതരണ പദ്ധതിയും ഇതുവരെ വിഭാവന ചെയ്തിട്ടില്ല. എന്നാൽ ചുള്ളിയാർ ഡാമിൽ പലകപ്പാണി പദ്ധതിയിൽ നിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കുകയാണെങ്കിൽ മുതലമട പഞ്ചായത്തിനും സമീപ പ്രദേശങ്ങൾക്കുമായി വിപുലമായ പദ്ധതി രൂപകല്പന ചെയ്യാവുന്നതാണ്. ഇതിനായി ചുള്ളിയാർ ഡാമിൽനിന്നും വെള്ളം ലഭിക്കുന്നതിനും പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനും അനുസൃതമായി മാത്രമേ പദ്ധതി രൂപകല്പന ചെയ്യുവാൻ സാധിക്കുകയുള്ളൂ.

പുറക്കാട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

137 (8197) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ പുറക്കാട് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുറക്കാട് പഞ്ചായത്തിലെ ഒറ്റപ്പന ഭാഗത്തും ഇല്ലിച്ചിറ പ്രദേശത്തും കുടിവെള്ളക്ഷാമം നിലനിൽക്കുന്നുണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) പുറക്കാട് പഞ്ചായത്തിലെ മത്സ്യഗ്രാമങ്ങളിലേക്ക് കുടിവെള്ളം നൽകുന്നതിനായി മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 128.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇല്ലിച്ചിറയിലെ തൈച്ചിറയിൽ നിന്നുള്ള കനാലിന് കുറുകെയുള്ള തകരാറിലായ

പൈപ്പ് മാറ്റി സ്ഥാപിക്കുവാൻ ജില്ലാ കളക്ടർക്ക് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഒറ്റപ്പന ഭാഗത്ത് ഒരു പുതിയ കുഴൽക്കിണർ ആവശ്യമുണ്ട്. ഇതിലേക്ക് സ്ഥലം ലഭിക്കുന്നതിനനുസൃതമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

വാട്ടർ അതോറിറ്റിയിലെ തസ്തികകൾ

138 (8198) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളതെന്നും ഇവയിൽ ഏതെല്ലാം തസ്തികകൾക്കാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്നും അവയിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള എത്ര വീതം ഒഴിവുകളാണ് പി.എസ്.സി.-യെ അറിയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ ;

(ബി) ഇപ്പോൾ ഒഴിവുള്ള തസ്തികകളിലെ ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റി എങ്ങനെയാണ് പരിഹരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ 120 തസ്തികകളാണ് നിലവിലുള്ളത്. നിലവിൽ മീറ്റർ റീഡർ, ഓവർസീയർ ഗ്രേഡ്-III, പ്ലംബർ, ഫിറ്റർ എന്നീ തസ്തികകളുടെ റാങ്ക് ലിസ്റ്റാണ് കേരളാ വാട്ടർ അതോറിറ്റിക്കുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ളത്. നിലവിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ താഴെപ്പറയുന്നു:

സർവ്വേയർ	-	20
പബ്ലിക് ഇൻഫർമേഷൻ ആഫീസർ	-	1
ലീഗൽ അസിസ്റ്റന്റ്	-	2
ഓപ്പറേറ്റർ	-	31
ഓവർസിയർ ഗ്രേഡ് - III	-	24
അസിസ്റ്റന്റ് എഞ്ചിനീയർ	-	4
ഓഫീസ് അറ്റൻഡന്റ്	-	53
സ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	-	36

LIBRARY ARCHIVES Kerala Legislative Assembly